# 50

# വിജയ പ്രവേശനം

## (21:1-11)

ഈ അദ്ധ്യായം ആരംഭിക്കുന്നത്, ക്രിസ്തുവിന്റെ ജീവിതത്തിലെ അവനെ ക്രൂശിൽ തറെക്കുന്ന അവസാന ആഴ്ച്ചയായ പാരമ്പര്യം "കഷ്ടാനുഭവആഴ്ച്ച" എന്നു വിളിക്കുന്ന സംഭവങ്ങളോടുകൂടിയാണ്.[1] ആ വാക്ക് രൂപപ്പെട്ടത് ലാറ്റിൻ വാക്കായ *പാസിയോയിൽ* നിന്നാണ്, അർത്ഥം, "കഷ്ടത." രക്തസാക്ഷികളുടെ കഷ്ടതയെയാണ് ആ വാക്ക് പലപ്പോഴും സൂചിപ്പിച്ചിരുന്നത്. പുതിയ നിയമം ലാറ്റിനിലേക്കു തർജ്ജിമ ചെയ്തപ്പോൾ, *പാസിയോ* എന്ന വാക്ക് ഉപയോഗിച്ച് യേശുവിന്റെ കഷ്ടതയേയും തുടർസംഭവങ്ങളേയും പ്രസ്താവിച്ചിരുന്നു.[2] സുവിശേഷ എഴുത്തുകാർ യേശുവിന്റെ ജീവിതത്തിലെ ആ ആഴ്ച്ചക്ക് പ്രത്യേക പ്രാധാന്യം കൊടുത്തിരിക്കുന്നു. സുവിശേഷങ്ങളിൽ അതിന് 25 മുതൽ 48 ശതമാനം വരെ സ്ഥലം നീക്കിവെച്ചിരിക്കുന്നു.[3]

യെരുശലേമിലെ യേശുവിന്റെ ശുശ്രൂഷയിൽ ഒരു മാറ്റം ഈ അദ്ധ്യായത്തിൽ പ്രകടമാക്കിയിരിക്കുന്നു. വിജയ പ്രവേശനം മുതൽ (21:1-11), മശിഹയായി യേശുവിന്റെ അധികാരത്തേയും ഇതിൽ വെളിപ്പെടുത്തുന്നു. അവൻ ദൈവാലയത്തെ ശുദ്ധീകരിക്കുകയും (21:12, 13) മുടന്തരേയും കുരുടന്മാരേയും സൗഖ്യമാക്കുകയും ചെയ്തു (21:14-17). യെഹൂദന്മാരെ ദൈവം ന്യായം വിധിക്കുന്നതു കാണിക്കുവാൻ ഫലമില്ലാത്ത അത്തിയെ അവൻ ഉണക്കിക്കളഞ്ഞു (21:18-22). യെഹൂദ പ്രമാണിമാർ, യേശുവിൽ കുറ്റം കണ്ടെത്തുവാൻ, അവന്റെ അധികാരത്തിന്റെ ഉറവിടത്തെ ചോദ്യം ചെയ്തു (21:23-27). അതിന് പ്രതികരണമായി, രണ്ട് ഉപമകൾ അവർക്ക് എതിരായി പറഞ്ഞു; രണ്ട് മക്കളുടേയും തോട്ടത്തിന്റേയും ഉപമ (21:28-32). തോട്ടം ഉടയവന്റേയും തോട്ടത്തിന്റേയും ഉപമ (21:33-46).

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ, ഞായറാഴ്ച്ച, മഹത്വത്തിന്റെ രാജാവ് യെരുശലേമിലേക്കു വന്നു. ഒരു കഴുതയുടെ പുറത്ത്, താഴ്മയോടെ ആയിരുന്നു, അവൻ നഗരത്തെ സമീപിച്ചത്. പെസഹക്ക് ആറ് ദിവസം മുമ്പായിരുന്നു അവൻ ബെഥാന്യയിൽ എത്തിയത്, അതായത് നിസാനിന്റെ എട്ടാം നാൾ (യോഹ. 12:1), അടുത്ത ദിവസം അവൻ നഗരത്തിൽ പ്രവേശിച്ചു. ഈ സമയത്ത് യെരുശലേമിനും ചുറ്റുപാടുമായി രണ്ടു മില്ല്യൻ ആളുകളിലധികം തടിച്ചുകൂടിയിരുന്നു.[4]

മുമ്പ് മശിഹയാണെന്ന തന്റെ വ്യക്തിത്വത്തെക്കുറിച്ച് നിശബ്ദത പാലിക്കുവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും (12:16; 16:20; 17:9), ഇനി അത് രഹസ്യമായി വെക്കേണ്ട ആവശ്യം നേരിടുന്നില്ല. തന്നെ പരസ്യമായി ആകർഷിക്കത്തക്ക രീതിയിൽ അവൻ പ്രവർത്തിക്കുന്നത് ഇപ്പോൾ മാത്രമായിരുന്നു. ആഘോഷപരമായി അവൻ നഗരത്തിൽ പ്രവേശിച്ചത് പ്രവചന നിവർത്തീകരണമായിരുന്നു, യെഹൂദ പ്രമാണിമാർക്ക് അവനെതിരായി പ്രവർത്തിക്കുവാനുള്ള സാഹചര്യവും ഒരുങ്ങി.

സത്യവും ത്യജീക്കലും ഇടകലർന്ന സംഭവമായിരുന്നു ആ വിജയ പ്രവേശന സംഭവം. യിസ്രായേലിന്റെ മശിഹയായി, ദാവീദിന്റെ പുത്രനെന്നപോലെ അവന് ആദ്യം നല്ല സ്വീകരണം ലഭിച്ചു എങ്കിലും, അവനെ പിന്നീട് ആളുകൾ ത്യജിച്ചു കളഞ്ഞു. തങ്ങളുടെ ശത്രുക്കളെ കീഴ്പ്പെടുത്തി മറിച്ചുകളയുന്ന ഒരു സൈന്യാധിപനെ ആയിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്. അവരുടെ പ്രതീക്ഷ യേശുവിന് നിറവേറ്റാൻ കഴിയാതിരുന്നപ്പോൾ അവനെ പിൻതാങ്ങുന്നത് അവർ അവസാനിപ്പിച്ചു. റോമാക്കാരിൽ നിന്നും തങ്ങളെ രക്ഷിക്കുവാൻ, അവർ അവനോടു അപേക്ഷിച്ചു, എന്നാൽ പിന്നീട്, അവർ മതാദ്ധ്യക്ഷന്മാരോടൊത്ത് അവനെ ക്രൂശിക്കുവാൻ റോമാക്കാരോട് അഭ്യർത്ഥിച്ചു. ആ പുകഴ്ത്തലും ത്യജിക്കലും, വിജയ പ്രവേശനത്തെ "കഷ്ടാനുഭവത്തിന്റെ നാന്ദി" ആക്കി മാറ്റി.[5]

## ഒരുക്കം (21:1-7)

**[1]അനന്തരം അവർ യെരുശലേമിനോടു സമീപിച്ചു ഒലിവു മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ചു: [2]"നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചുകൊണ്ടു വരുവിൻ. [3]നിങ്ങളോടു ആരാനും വല്ലതും പറഞ്ഞാൽ: 'കർത്താവിന് അവയെക്കൊണ്ടു ആവശ്യമുണ്ട്' എന്നു പറവിൻ; തൽക്ഷണം അവൻ അവയെ അയക്കും എന്നു പറഞ്ഞു."**

**[4]"സിയോൻ പുത്രിയോട്**
**ഇതാ നിന്റെ രാജാവ് സൗമ്യനായി**
**കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ**
**പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ"**

**[5]എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതിനു നിവൃത്തിവരുവാൻ ഇതു സംഭവിച്ചു. [6]ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചതു പോലെ ചെയ്തു, [7]കഴുതയെയും കുട്ടിയെയും കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അവയുടെമേൽ ഇട്ടു; അവൻ കയറി ഇരുന്നു.**

**വാക്യം 1. യേശുവും** ശിഷ്യന്മാരും യെരിഹോ വിട്ട് (20:29) ബെഥാന്യയിലെത്തുകയും രാത്രി അവിടെ ചെലവിടുകയും ചെയ്തു (യോഹ. 12:1). ബെഥാന്യ, എന്നതിനർത്ഥം, "അത്തികളുടെ വീട്," അത് ലാസറിന്റേയും അവന്റെ രണ്ടു സഹോദരിമാരായ, മറിയയുടേയും മാർത്തയുടേയും സ്ഥലമായിരുന്നു (യോഹ. 11:1; 12:1). അത് സ്ഥിതിചെയ്തിരുന്നത് ഒലിവുമലയുടെ കിഴക്കേ ചരിവിലായിരുന്നു, യെരുശലേമിൽനിന്ന് ഏതാണ്ട് രണ്ട് മൈൽ കിഴക്കു മാറി (യോഹ. 11:18).

അടുത്ത ദിവസം, യേശുവും കൂട്ടരും **യെരുശലേമിലേക്കു** യാത്ര തുടങ്ങി. ഈ സമയം വരെ, മത്തായിയുടെ പുസ്തകത്തിൽ, വിശുദ്ധ നഗരത്തെക്കുറിച്ച് വിരളമായി മാത്രമേ പറഞ്ഞിരുന്നുള്ളു. ശിശുവായ യേശുവിനെ സന്ദർശിക്കേണ്ടതിനു വിദ്വാന്മാർ അവിടേക്കു പോയിരുന്നു (2:1). യെരുശലേ

മിലുള്ളവർ മരുഭൂമിയിൽ യോഹന്നാനെ കാണുവാൻ പോയിരുന്നു (3:5), പിന്നീട്, യേശു ഗലീലയിലും (4:25). അവനെ അവമാനിക്കുവാനായി മതാദ്ധ്യക്ഷന്മാർ യെരുശലേമിൽനിന്നും പോയിരുന്നു (15:1, 2). എങ്ങനെയായാലും, ഈ സമയത്തിനു മുമ്പ്, ആ നഗരത്തിൽ യേശു സന്ദർശിച്ചതായി മത്തായി സൂചിപ്പിക്കുന്നില്ല. (അവന്റെ സന്ദർശന രേഖകൾ കൂടുതലായി അറിയുവാൻ ഒരാൾ യോഹന്നാന്റെ സുവിശേഷം നോക്കണം.) എന്നിരുന്നാലും, യേശു തന്റെ കഷ്ടാനുഭവത്തെ മുന്നറിയിച്ചപ്പോൾ യെരുശലേമിനെക്കുറിച്ചു പറഞ്ഞിരുന്നു (16:21; 20:17, 18). വിശുദ്ധ നഗരത്തിൽ എത്തിയത് അവന്റെ പ്രവചന നിറവേറലായിരുന്നു.

ബേഥാന്യ വിട്ട ശേഷം യേശുവും തന്റെ അനുയായികളും **ബേത്ഫേഗയിൽ** വന്നു, ആ പേരിന്റെ അർത്ഥം “വിളയാത്ത [അല്ലെങ്കിൽ നേരത്തേയുള്ള] അത്തികൾ” അതിന്റെ കൃത്യമായ സ്ഥാനം അറിയില്ലെങ്കിലും, അത് ബേഥാന്യക്കും യെരുശലേമിനും ഇടക്കായിരിക്കാം.

**ഒലിവുമലക്ക്** ആ പേര് വന്നത് സമുദ്രനിരപ്പിൽ നിന്ന് 2,600 അടി (ഏറ്റവും ഉയരം കൂടിയ അറ്റം) ഉയരമുള്ളതിനാലാകാം, യെരുശലേമിലെ കിഴക്കു വശത്തായുള്ള ദൈവാലയ മലയിൽനിന്ന് ഏതാണ്ട് 250 അടി ഉയരമാണുള്ളത്. ആ മലയുടെ മുകളിൽ നിന്നാൽ ഒരാൾക്ക് നഗരത്തിന്റെ മനോഹാരിത നോക്കി കാണുവാൻ കഴിയും (ലൂക്കൊ. 19:41). വടക്കു കിഴക്ക് രണ്ടു മൈൽ ആയിട്ടാണ് മല കിടക്കുന്നത്, നാല് കുന്നുകളായുള്ളതിനെ കാരേം എന്നാണ് അറിയപ്പെടുന്നത്, ആരോഹണം, പ്രവാചകന്റെ മല, ഇടർച്ച മല. രണ്ടാമത്തേയും മൂന്നാമത്തേയും കുന്നുകൾ, പലപ്പോഴും ഇടുങ്ങി പൊള്ളയായി യോജിച്ചിരുന്നതിനെ “മൗണ്ട് ഒലിവെറ്റ് പ്രോപ്പർ,”[6] എന്നാണ് വിളിച്ചിരുന്നത്. ആ മലയിടുക്കുകളിൽകൂടെയാണ് ബേഥാന്യക്കും യെരുശലേമിനുമിടക്കുള്ള പാത.

**വാക്യം 2**. ആ സംഘം ബേത്ഫേഗയിൽ എത്തിയപ്പോൾ, യേശു രണ്ട് ശിഷ്യന്മാരെ വിളിച്ച്, അവരോട് പറഞ്ഞു, “**നിങ്ങൾക്കെതിരായ ഗ്രാമത്തിൽ ചെല്ലുവിൻ.**” ആ കൽപനയെ, “നിങ്ങൾക്കുമുമ്പായ ഗ്രാമത്തിൽ ചെല്ലുവിൻ” എന്നും തർജ്ജിമ ചെയ്യാം (എൻആർഎസ്സ്വി; ജെഎൻറ്റി). അത് കാഴ്ചയിൽ ബേത്ഫേഗയാണോ അല്ലയോ എന്ന് തീർച്ചയില്ല.

യേശു പിന്നെ പറഞ്ഞു, “**അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചു കൊണ്ടു വരുവിൻ.**” മർക്കൊസും ലൂക്കൊസും “കഴുതക്കുട്ടി” എന്നു മാത്രമേ പറയുന്നുള്ളു (മർ. 11:2; ലൂക്കൊ. 19:30). ആ ഒഴിവാക്കൽ യേശു ഉപയോഗിച്ചത് കഴുതക്കുട്ടിയെ ആയിരിക്കാം എന്നുള്ളതുകൊണ്ടാണ്. കഴുതക്കുട്ടി മുമ്പ് ഉപയോഗിക്കാതിരുന്നതിനെക്കുറിച്ച് അവർ പറയുന്നു (മർ. 11:2; ലൂക്കൊ. 19:30). ശബ്ദ മുഖരിതമായ പുരുഷാരത്തിന്റെ കോലാഹലത്തെ കുറിക്കുന്നതായിരുന്നു കഴുതക്കുട്ടിയുടെ അമ്മയുടെ സാന്നിധ്യം.

**വാക്യം 3. ആരെങ്കിലും** അവരെ ചോദ്യം ചെയ്താൽ എന്തു പറയേണമെന്നും യേശു ആ രണ്ടു ശിഷ്യന്മാർക്കും നിർദ്ദേശം കൊടുത്തിരുന്നു. എങ്ങനെയായാലും, ഒരു അപരിചിതൻ വന്ന് ആരുടെയെങ്കിലും കഴുതയെ ഏറ്റുമുട്ടൽ കൂടാതെ പിടിച്ചുകൊണ്ടു പോകുന്നത് അസാധാരണമാണ്.[7] “**കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട്**” എന്ന് പറയുവാനായിരുന്നു യേശു ഉദ്ദേശിച്ചത്. ഉടമസ്ഥന്മാർ (ലൂക്കൊ. 19:33) വളരെ എളുപ്പത്തിൽ കഴുതയെ വിട്ടുകൊടുത്തോ എന്നിവിടെ പറയുന്നില്ല. ഒരുപക്ഷെ അവർക്ക് യേശുവിനെ

അറിയാമായിരുന്നേക്കാം, അല്ലെങ്കിൽ അവർ അവന്റെ ശിഷ്യന്മാരായിരുന്നേക്കാം – “കർത്താവ്” എന്ന് പറയുന്നത് അതിനെയാണ് സൂചിപ്പിക്കുന്നത്. ഈ മൃഗങ്ങളെ ഉപയോഗിപ്പാനുള്ള ക്രിസ്തുവിന്റെ ആഗ്രഹം മുൻകുട്ടി ഏർപ്പെടുത്തിയിരിക്കാം. ലിയോൺ മോറീസ് വിചാരിച്ചത് “മുൻകൂട്ടി ഏർപ്പെടുത്തിയ പാസ്സ് വേഡ്” എന്നാണ്.[8]

**വാക്യം 4**. യേശുവിന്റെ യെരുശലേമിലേക്കുള്ള പ്രവേശന സംഭവത്തിനു ചുറ്റും ആലങ്കാരികത സ്പഷ്ടമാണ്. രാജകീയ വാഹനമായിട്ടാണ് യെഹുദന്മാർ സാധാരണ കഴുതയെ ബന്ധപ്പെടുത്തിയിരുന്നത്. അവരുടെ രാജാക്കന്മാരും കീഴ്പ്പെടുത്തുന്നവരും കഴുതപുറത്ത് അല്ലെങ്കിൽ കോവർ കഴുതയുടെ പുറത്ത് ആണ് സഞ്ചരിച്ചിരുന്നത് (മർ. 11:2; ലൂക്കൊ. 19:30). കുതിരക്കു പകരമായി, കഴുതപ്പുറത്ത് ഒരു രാജാവ് വരുമ്പോൾ സമാധാനത്തെയാണ് കാണിക്കുന്നത് (ന്യായാ. 5:10; 1 രാജാ. 1:33). യേശു അത്തരത്തിൽ യെരുശലേമിൽ പ്രവേശിച്ചതിന്റെ കാരണം ആളുകളെ ആകർഷിക്കുവാനും, ഭാവിയിലെ തന്റെ ആത്മീയ സ്വഭാവമുള്ള രാജ്യത്തെ കാണിച്ചു കൊടുക്കാനുമായിരുന്നു. യേശു വാസ്തവത്തിൽ “സമാധാന പ്രഭു” ആയിട്ടാണ് വന്നത് (യെശ. 9:6).

യേശു എന്ന രാജാവ്, സൗമ്യതയോടെ കഴുതപ്പുറത്തു കയറി വന്നപ്പോൾ, പഴയ നിയമ പ്രവചനം അവൻ നിറവേറ്റി. പൊതുവായ ഒരു പേരോടുകൂടി മത്തായി ഈ സത്യത്തെ ഊന്നി പറഞ്ഞിരിക്കുന്നു: **എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതിനു നിവൃത്തിവരുവാൻ ഇതു സംഭവിച്ചു** (1:22; 2:15, 17, 23; 4:14; 8:17; 12:17; 13:35; 26:56; 27:9). ഇവിടെ “പ്രവാചകൻ” തിരിച്ചറിയിച്ചിട്ടില്ല. എങ്ങനെയായാലും, ചില പുരാതന സാക്ഷികൾ “സെഖര്യാവ്,” ആണെന്നും, മറ്റുചിലർ “യെശയ്യാവ്” ആണെന്നും പറയുന്നു.[9]

**വാക്യം 5**. ഇവിടത്തെ ഉദ്ധരണി യെശയ്യാവ് 62:11 ഉം സെഖര്യാവ് 9:9 ഉം ചേർന്നതാണ്:

> “സീയോൻ പുത്രിയോട്, ‘ഇതാ നിന്റെ രാജാവ്,
> സൗമ്യനായി കഴുതപ്പുറത്ത്
> വാഹന മൃഗത്തിന്റെ കുട്ടിയുടെ പുറത്തു കയറി
> നിന്റെ അടുക്കൽ വരുവിൻ എന്നു പറവിൻ.’ ”

ഒരേ വിഷയത്തെ കുറിച്ചുള്ള രണ്ടു പ്രവചനങ്ങൾ യോജിപ്പിച്ച് അവതരിപ്പിക്കുന്നത് യെഹൂദന്മാരുടെ പതിവായിരുന്നു.[10] യെശയ്യാവ് 62:11-ൽ നിന്നു വരുന്നതാണ് “സിയോൻ പുത്രിയോട് പറവിൻ,” എന്നത്. അതേ വാക്കുകൾ സെഖര്യാവ് 9:9 ലും കാണാം, അവിടെ ആരംഭിക്കുന്നത്, “സിയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക!” എന്നാണ്. ഉദ്ധരണിയിലെ ശേഷം ഭാഗം രണ്ടാമത്തെ പ്രവചനത്തിലെ വരുവാനുള്ള രാജാവിനെ കുറിച്ചുള്ളതാണ്.

യെരുശലേമിനെ ഉദ്ദേശിച്ചു പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രയോഗമാണ് “സിയോൻ പുത്രി” (സങ്കീ. 9:14; യെശ. 37:22; യിരെ. 4:31; വിലാ. 1:6). കൂടാതെ നഗരനിവാസികളെയും ആ പേരിൽ വിളിച്ചിരുന്നു. ആരംഭത്തിൽ, സിയോനെ യെബുസ്യ കോട്ട എന്നാണ് അറിയപ്പെട്ടത്, ദാവീദ് അതിനെ പിടിച്ചടക്കിയതിനാൽ, അതിനെ “ദാവീദിന്റെ നഗരം” എന്നു വിളിക്കുവാൻ തുടങ്ങി (2 ശമു. 5:7). അവന്റെ രാജധാനിക്കുള്ള സ്ഥാനമായിരുന്നു അത് (2 ശമു. 5:11), നിയമപെട്ടകം ദാവീദ് യെരുശലേമിലേക്ക് കൊണ്ടുവന്നപ്പോൾ അത്

അവിടെയാണ് വെച്ചിരുന്നത് (2 ശമു. 6:12). പിന്നീട്, ദാവീദിന്റെ പട്ടണത്തിന്റെ വടക്കായി ശലോമോൻ ദൈവാലയം പണിതപ്പോൾ, നിയമപെട്ടകം അവിടേക്ക് മാറ്റി (1 രാജാ. 8:1). ദൈവാലയ മലയുമായി ബന്ധപ്പെട്ടാണ് പിന്നെ "സിയോൻ" അറിയപ്പെടുവാൻ തുടങ്ങിയത് (സങ്കീ. 74:2). ക്രമേണ നഗരത്തിനു മുഴുവൻ ആ പേർ വീണു (സങ്കീ. 48).

യെരുശലേമിൽ വരുവാനിരുന്ന ഒരു രാജാവിനെ മുന്നറിയിക്കുന്ന പ്രവചനമായിരുന്നു (സെഖ. 9:9). അവൻ "സൗമ്യതയുള്ളവൻ" (*പ്രൗസ്*) അല്ലെങ്കിൽ "താഴ്മയുള്ളവൻ" ആയിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു (5:5; 11:29 ന്റെ പരാമർശം നോക്കുക). സമാധാനമായുള്ള അവന്റെ വരവ്, യുദ്ധസന്നാഹങ്ങളോടും, കുതിരകളോടും രഥങ്ങളോടും വരുന്നതിൽനിന്നു വ്യത്യസ്തമായിരുന്നു (സെഖ. 9:10) മത്തായിയിൽ ഇത് ഒഴിവാക്കിയിരിക്കുകയാണെങ്കിലും, പ്രവചനത്തിൽ അവനെ "നീതിമാനും രക്ഷ നൽകുന്നവനുമായി" പറഞ്ഞിരിക്കുന്നു.

**വാക്യം 6.** അവൻ തേജസ്ക്കരിക്കപ്പെടുന്നതുവരെ അവർക്ക് ഈ കാര്യങ്ങളുടെ പ്രാധാന്യം മനസിലായില്ലെങ്കിലും (യോഹ. 12:16), **യേശു നിർദ്ദേശിച്ചതുപോലെ തന്നെ ആ രണ്ടു ശിഷ്യന്മാർ പോയി ചെയ്തു**. "അവിടെ നിന്നവരിൽനിന്ന്" അവർക്ക് ആരംഭത്തിൽ ചില തടസങ്ങൾ നേരിട്ടു (മർ. 11:5). അവർ കഴുതക്കുട്ടിയുടെ "ഉടമസ്ഥരായിട്ടാണ്" ലൂക്കൊസ് 19:33-ൽ പരിചയപ്പെടുത്തിയിരിക്കുന്നത്. "കർത്താവിന്ന് അവയെ ആവശ്യമുണ്ട്" എന്നു ശിഷ്യന്മാർ പറഞ്ഞപ്പോൾ (21:3), മൃഗങ്ങളെ ഉപയോഗിപ്പാൻ അനുവാദം കൊടുത്തു (മർ. 11:6; ലൂക്കൊ. 19:34).

**വാക്യം 7.** അവന്റെ ശിഷ്യന്മാർ കഴുതയെയും **കഴുതക്കുട്ടിയേയും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു**. പെൺകഴുതയിൽനിന്നു കഴുതക്കുട്ടിയെ അകറ്റുക പതിവില്ലായിരുന്നു.[11] കഴുതയുടെ മുകളിൽ വിരിക്കുവാൻ ഒന്നുമില്ലാതിരുന്നതുകൊണ്ട്, ശിഷ്യന്മാർ **അവരുടെ വസ്ത്രങ്ങൾ അതിന്റെ പുറത്തു വിരിച്ചു**. അവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*ഹിമാഷൻ*) ബഹുവചനത്തിലായത് കൊണ്ട്, "വസ്ത്രങ്ങൾ" എന്നാണ് അർത്ഥമാക്കുന്നത്.എങ്ങനെയായാലും, പൊതുവിൽ ആ വാക്കിന്റെ അർത്ഥം "പുതപ്പ്" എന്നാണ്. ശിഷ്യന്മാർ അവരുടെ ബാഹ്യ വസ്ത്രങ്ങളാണ് കഴുതയുടേയും കഴുതക്കുട്ടിയുടേയും പുറത്ത് വിരിച്ചത്.

അതുകഴിഞ്ഞ്, യേശു ആ **വസ്ത്രത്തിന്മേൽ ഇരുന്നു**. ഗ്രീക്ക് വേദപുസ്തകം അക്ഷരികമായി പറയുന്നത്, യേശു "അവയുടെ" മുകളിൽ ഇരുന്നു എന്നാണ്. അതിനർത്ഥം അവൻ രണ്ടു മൃഗങ്ങളിന്മേലും ഇരുന്നു യാത്ര ചെയ്തു എന്നാണോ? ചിലർ അങ്ങനെ വിചാരിക്കുന്നു. മത്തായി സെഖര്യാവ് 9:9 വ്യാഖ്യാനിച്ച്, "അവൻ കഴുതപ്പുറത്ത*ും* ചെറുകഴുതപ്പുറത്തും കയറി വരുന്നു" എന്നു എഴുതിയിരിക്കുന്നതിനെ അവർ അങ്ങനെയാണ് കരുതുന്നത്. അത്തരത്തിൽ, പ്രവചനം പൂർണ്ണമായി നിറവേറി എന്നാണ് മത്തായി എഴുതിയിരിക്കുന്നതെന്നും പറയപ്പെടുന്നു. എങ്ങനെയായാലും, അത്തരം വ്യാഖ്യാനം ആവശ്യമില്ലാത്തതാണ്. ഉപയോഗിച്ച ഭാഷ, യേശു രണ്ട് മൃഗങ്ങളിന്മേൽ യാത്ര ചെയ്യുന്നതായി പറയുന്നില്ല. അവൻ യാത്ര ചെയ്തത് പെൺകഴുതയുടെ തൊട്ടു പിൻപിൽ നടന്നുകൊണ്ടിരുന്ന കഴുതക്കുട്ടിയുടെ പുറത്തായിരിക്കും.[12] സ്വാഭാവികതയും, പ്രായോഗികതയും വെച്ചു നോക്കിയാൽ, യേശു യാത്ര ചെയ്തത് കഴുതക്കുട്ടിയുടെ പുറത്തു കയറിയായിരുന്നു എന്നു കാണാം.

## സ്വീകരണം (21:8-11)

**[8]പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു; മറ്റു ചിലർ വൃക്ഷങ്ങളിൽനിന്നു കൊമ്പു വെട്ടി വഴിയിൽ വിതറി. [9]മുന്നും പിന്നും നടന്ന പുരുഷാരം,**

**"ദാവീദ് പുത്രന്നു ഹോശന്നാ;**
**കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ;**
**അത്യുന്നതങ്ങളിൽ ഹോശന്നാ എന്ന് ആർത്തുകൊണ്ടിരുന്നു!"**

**[10]അവൻ യെരുശലേമിൽ കടന്നപ്പോൾ, നഗരം മുഴുവനും ഇളകി; "ഇവൻ ആർ?" എന്നു പറഞ്ഞു. [11]"അവൻ ഗലീലയിലെ നസറേത്തിൽനിന്നുള്ള പ്രവാചകനായ യേശു എന്നു പുരുഷാരം പറഞ്ഞു."**

**വാക്യം 8.** തടിച്ചു കൂടിയ പുരുഷാരം അധികവും ഒന്നുകിൽ ബേഥാന്യയിൽനിന്നു വന്നവർ അല്ലെങ്കിൽ ഒലിവുമലയിൽ അവനെ കാത്തുനിന്നവരായിരുന്നേക്കാം. മറ്റുള്ളവർ യെരുശലേമിന്നു പുറത്തുനിന്നു അവനെ കാണുവാൻ വന്നവരും, പെസഹാ പെരുന്നാൾ ആഘോഷിക്കുവാൻ വന്നവരും ഉൾപ്പെട്ടിരുന്നു. ഗലീലയിൽനിന്നുള്ളവരുമുണ്ടായിരുന്നു. **പുരുഷാരത്തിനിടയിൽ** കൂടെ യേശു കഴുതക്കുട്ടിപ്പുറത്തു കയറി യാത്ര ചെയ്തപ്പോൾ, ആരാധകർ തങ്ങളുടെ **വസ്ത്രം വഴിയിൽ വിരിച്ചു**. വാക്യം 7 ലേതുപോലെ, "വസ്ത്രങ്ങൾ" എന്നു പറയുന്നത്, അവരുടെ "പുതപ്പ്" ആയിരിക്കാം (എൻഐവി; എൻആർഎസ്വി), അതായത്, അവരുടെ ബാഹ്യ വസ്ത്രങ്ങൾ. പുരാതന കാലത്ത് ഭരണാധികാരി വരുന്ന വഴിയിൽ വസ്ത്രം വിരിക്കുന്നത് അധികാരത്തെ മാനിക്കുന്ന പ്രവൃത്തിയാണ് (2 രാജാ. 9:13), "ഞാൻ എന്നെ താങ്കളുടെ കയ്യിൽ ഏൽപിക്കുന്നു" എന്നു പറയുന്നതുപോലെയാണ് അത്.

**മറ്റുള്ളവർ വൃക്ഷത്തിന്റെ കൊമ്പുകൾ വെട്ടി വഴിയിൽ വിതറി.** "വയലിൽനിന്നു വെട്ടിക്കൊണ്ടുവന്ന വൃക്ഷത്തിന്റെ കൊമ്പുകളും ഇലകളും വഴിയിൽ വിതറി" എന്നാണ് മർക്കൊസ് 11:8 പറയുന്നത്. എന്നാൽ യോഹന്നാൻ 12:13 പ്രത്യേകമായി "കുരുത്തോല" എന്നാണ് പറഞ്ഞിരിക്കുന്നത്. കുരുത്തോല വിശുദ്ധമായ പ്രവൃത്തികൾക്ക് വളരെ കാലമായി ഉപയോഗിച്ചു വന്നിരുന്നു. കൂടാര പെരുന്നാൾ സമയത്ത് കുരുത്തോല ഉപയോഗിപ്പാൻ ന്യായപ്രമാണം കൽപിച്ചിരുന്നു (ലേവ്യ. 23:40, 42; നെഹെ. 8:15). ശലോമോന്റെ ദൈവാലയത്തിലും കുരുത്തോലയുടെ പ്രതീകങ്ങൾ കാണാമായിരുന്നു (1 രാജാ. 6:29, 32, 35) പുതിയ ദൈവാലയത്തെ കുറിച്ച് യെഹസ്കേൽ കണ്ട ദർശനത്തിലും കുരുത്തോല ഉണ്ടായിരുന്നു (യെഹെ. 40:16–37; 41:18–20, 25, 26). പുരാതന പള്ളികൾക്ക് ചുറ്റും, വിശേഷിച്ച് നന്നായി-സംരക്ഷിച്ചിരുന്ന കഫർന്നഹൂമിലെ പള്ളിക്കു ചുറ്റും പനകളുണ്ടായിരുന്നു. സ്വർഗീയ ദർശനത്തിൽ, വെള്ളയുടുപ്പ് ധരിച്ച്, കയ്യിൽ കുരുത്തോലകളുമായി ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ആളുകൾ നിൽക്കുന്നതായി യോഹന്നാൻ കണ്ടിരുന്നു (വെളി. 7:9).

ദേശിയതയുടെ ചിഹ്നവുമായിരുന്നു പന. രണ്ടു നിയമങ്ങൾക്കിടയിലെ കാലയളവിലും, പുതിയ നിയമത്തിന്റെ ആരംഭഘട്ടത്തിലും യെഹൂദനാണയ

ങ്ങളിൽ പനയുടെ കൊമ്പുകളും ഇലകളും അടയാളമായി കൊടുത്തിരുന്നു. മെക്കാബിയരുടെ കാലത്ത്, യെഹൂദന്മാരുടെ ശത്രുക്കൾ തോൽക്കുമ്പോൾ, ആഘോഷിക്കുന്നതിന് അവർ പനയുടെ ശിഖരങ്ങളും കുരുത്തോലയും ഉപയോഗിച്ചിരുന്നു.[13] യേശുവിന്റെ കാഴ്ച്ചപ്പാടും പുരുഷാരത്തിന്റെ കാഴ്ച്ചപ്പാടും തമ്മിലുള്ള വ്യത്യാസം ഇവിടെ പ്രകടമായിരുന്നു. കഴുതപ്പുറത്തു കയറിയ യേശു, തനിക്ക് വിപ്ലവകരമായ ഉദ്ദേശമില്ലെന്നു തെളിയിച്ചു; എന്നാൽ പുരുഷാരം വൃക്ഷക്കൊമ്പുകളും ഇലകളും വഴിയിൽ വിരിച്ച് മെക്കാബ്യ വിജയമായിരുന്നു പ്രതീക്ഷിച്ചത്, അപ്പോഴും അവനിൽ ഒരു വിപ്ലവകരമായ മശിഹയായിരുന്നു.[14]

**വാക്യം 9. ഒരു രാജകിയ** പ്രദക്ഷിണമെന്നപോലെ, പുരുഷാരം യേശുവിനു ചുറ്റും കൂടി; ചിലർ അവന്നു **മുൻപായി നടന്നു,** മറ്റുള്ളവർ അവനെ **പിൻഗമിച്ചു.** ഈ സമയത്ത് അവർ സങ്കീർത്തനങ്ങൾ 118 ലെ വാക്കുകൾ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരുന്നു. അത് ഹല്ലേലുയ്യാ സങ്കീർത്തനങ്ങളിൽ ഒന്നായിരുന്നു (113–118) അത് മിസ്രയിം അടിമത്വത്തിൽനിന്നു യിസ്രായേലിനെ ദൈവം വിടുവിച്ചതിനെ ഓർമ്മിക്കുന്ന പെസഹയിൽ ചൊല്ലുന്നതായിരുന്നു. അതു പ്രത്യേകമായി മശിഹയെ കുറിച്ചുള്ളതും പുതിയനിയമത്തിൽ അടിക്കടി ഉപയോഗിച്ചിരിക്കുന്നതുമാകുന്നു, പ്രത്യേകിച്ച് "മൂലക്കല്ല്" എന്ന ഭാവനയുമായുള്ള ബന്ധത്തിൽ (21:42; മർ. 12:10, 11; ലൂക്കൊ. 20:17; പ്രവൃ. 4:11; 1 പത്രൊ. 2:7).

ഗ്രീക്ക് ലിപി മാറ്റി ഉപയോഗിച്ച എബ്രായ പ്രയോഗമാണ് **ഹോശന്നാ.** ആ വാക്കിന്റെ അക്ഷരികമായ അർത്ഥം, "ഇപ്പോൾ രക്ഷിക്ക," അല്ലെങ്കിൽ, "രക്ഷിക്കേണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു" എന്നാണ്. അത് ഒരു പുകഴ്ച്ചാ പ്രയോഗമായി തീർന്നു. ഈ സന്ദർഭത്തിൽ, അത് സങ്കീർത്തനങ്ങൾ 118:25–ൽ നിന്നും വന്നതാണ്: "യഹോവേ, *ഞങ്ങളെ രക്ഷിക്കേണമേ*, യഹോവേ, ഞങ്ങൾക്ക് ശുഭത നൽകേണമേ!" (എംഫസിസ് ആഡഡ്). പുരുഷാരത്തിന്റെ പുകഴ്ച്ച **ദാവീദിന്റെ പുത്രനിലേക്ക്** തിരിഞ്ഞു. അത് സാധാരണ ഉപയോഗിച്ചിരുന്ന മശിഹാ വാക്കാണ്. അവർ പ്രതീക്ഷിച്ച വിടുവിപ്പുകാരനാണെന്ന് തിരിച്ചറിയിക്കുന്നതായിരുന്നു ആ വാക്ക് (1:1 ന്റെ പരാമർശം നോക്കുക).

സങ്കീർത്തനങ്ങൾ 118:26 ലെ സങ്കീർത്തന ഭാഷ പുരുഷാരവും ഉപയോഗിച്ചിരുന്നു: "**കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ.**" യെഹൂദ പാരമ്പര്യത്തിൽ, ഉൽസവ ദിവസങ്ങളിൽ പങ്കെടുക്കുവാൻ വരുന്ന തീർത്ഥാടകരെ നഗരത്തിലേക്ക് സ്വാഗതം ചെയ്തിരുന്നതും അപ്രകാരമായിരുന്നു. എങ്ങനെയായാലും, ഈ അവസരത്തിൽ, അവർ പ്രതീക്ഷിച്ച രാജാവിനെ സ്വീകരിക്കുന്നതും, അവന്റെ രാജ്യം ഉൽഘാടനം ചെയ്യുന്നതുമായിരുന്നു (യോഹ. 12:13).[15] അവന്നു "ഹോശന്നാ" പാടിയവർ തന്നെ കുറച്ചു ദിവസങ്ങൾക്ക് ശേഷം, "അവനെ ക്രൂശിക്ക!" എന്നു ആർത്തു വിളിച്ചതിൽ നിന്നും രാജ്യത്തെ കുറിച്ചുള്ള അവരുടെ തെറ്റിദ്ധാരണ വെളിവാക്കുന്നു (27:22). എന്തുകൊണ്ട് ആ മാറ്റം സംഭവിച്ചു? മശിഹയെ കുറിച്ചുള്ള അവരുടെ ചിത്രം മാറി.

**വാക്യം 10.** അവന്നു ഹോശന്നാ പാടി ആർത്തുവിളിച്ച പുരുഷാരവുമായി യേശു **യെരുശലേമിൽ പ്രവേശിച്ചപ്പോൾ, നഗരത്തി** ലുള്ളവർ ആകെ **ഇളകി.**[16] "ഇളകി" എന്നതിന്റെ ഗ്രീക്ക് വാക്കിൽ (*സെയിയോ*) നിന്നുമാണ് ഇംഗ്ലീഷ് വാക്ക് "സെയിസ്മിക്" രൂപപ്പെട്ടത്. മത്തായിയിൽ രണ്ട് പ്രാവശ്യം കൂടെ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു: യേശുവിനെ ക്രൂശിൽ തറെച്ചപ്പോൾ ഭൂമി കുലുങ്ങി (27:51), കാവൽക്കാർ കല്ലറെക്കൽ ദൂതനെ കണ്ട് പേടിച്ചു "വിറെച്ചു" (28:4).

വാക്യം 10-ൽ സെയിയോ തർജിമ ചെയ്തിരിക്കുന്നത് "മൂവ്ഡ്" (കെജെവി), "ഇൻ ടർമോയിൽ" (എൻആർഎസ്‌വി), "ഫിൽഡ് വിത്ത് എക്സൈറ്റ്മെന്റ്" (എൻസിവി), "ത്രോൺ ഇൻടു ആൻ അപ്റോർ" (റ്റിഇഊവി).

നഗരത്തിലുണ്ടായിരുന്നവർ ചോദിച്ചു, **"ഇവൻ ആർ?"** യേശു തന്റെ സമയത്തിൽ ഭൂരിഭാഗവും ഗലീലയിലാണ് ചെലവഴിച്ചതെങ്കിലും, യെരുശലേമിന് അവൻ അന്യനായിരുന്നില്ല. തന്റെ ശുശ്രൂഷക്കാലത്ത്, പല പ്രാവശ്യം അവൻ യെരുശലേം സന്ദർശിച്ചിരുന്നതായി യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തിയിട്ടുണ്ട് (യോഹ. 2:13; 5:1; 7:10, 14; 10:22, 23; 18:20). യെരുശലേമിൽ താമസിച്ചിരുന്നവർ, അവനെ ഇങ്ങനെ വമ്പിച്ച പുരുഷാരത്തോടുകൂടി കാണാതിരുന്നതുകൊണ്ടും, അല്ലെങ്കിൽ പുരുഷാരം നിമിത്തം അവനെ കാണാതിരുന്നതുകൊണ്ടും ആയിരിക്കാം ആ ചോദ്യം ചോദിച്ചത്. മറ്റൊരു സാധ്യത എന്തെന്നാൽ, പെസഹാ ആഘോഷിപ്പാൻ വന്ന യെഹൂദമതാനുസാരികളായിരിക്കാം ആ ചോദ്യം ചോദിച്ചത് എന്നതാണ്. റോമൻ ഭരണത്തിൻകീഴിലുള്ള ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള യെഹൂദന്മാർ പെസഹാ ആഘോഷിപ്പാൻ വന്നിരുന്നതുകൊണ്ട് (പ്രവൃ. 2:5, 9–11). ചിലർ അവനെ കുറിച്ച് കേട്ടിരിക്കുവാനും സാധ്യതയില്ല.

**വാക്യം 11. "ഇവൻ ഗലീലയിലെ നസറേത്തിൽനിന്നുള്ള പ്രവാചകനായ യേശു"** എന്നു പുരുഷാരം മറുപടി പറഞ്ഞു. അവർ ഗലീലയിൽനിന്നു പെരുന്നാൾ ആഘോഷിപ്പാൻ യെരുശലേമിൽ വന്നവരായിരുന്നു. ചിലർ യേശുവിനേയും അപ്പൊസ്തലന്മാരേയും അനുഗമിച്ചവരായിരുന്നു. അവൻ പ്രസംഗിക്കുന്നത് കേൾക്കുകയും, അവന്റെ അത്ഭുതപ്രവൃത്തികൾ കാണുകയും ചെയ്തവരായ അവർ അഭിമാനത്തോടെ പറഞ്ഞു, അവൻ ഗലീലയിൽനിന്നുള്ള പ്രവാചകനാണ്.

യേശു പ്രവാചകനാണെന്ന വിഷയം മത്തായി 13:57 ലും 16:14 ലും കാണാം. തീർച്ചയായും, അവൻ ഒരു പ്രവാചകനായിരുന്നു (മർ. 6:15; ലൂക്കൊ. 7:16; 13:33; യോഹ. 4:44). അവൻ വരുവാനുള്ളത് മാത്രമല്ല, മനുഷ്യരോടുള്ള ദൈവത്തിന്റെ സന്ദേശവും കൂടെയാണ് അറിയിച്ചത്. ഈ സമയത്ത്, യേശുവിനെ "[മോശെയെപോലെ] ലോകത്തിൽ വരുവാനിരുന്ന ഒരു പ്രവാചകനായിട്ടായിരിക്കാം" പുരുഷാരം തിരിച്ചറിഞ്ഞത് (യോഹ. 6:14; ആവ. 18:15, 18; യോഹ. 7:40; പ്രവൃ. 3:22; 7:37).

യേശു "നസറേത്ത്" പട്ടണക്കാരൻ എന്നും പുരുഷാരം പറഞ്ഞു (2:23 ന്റെ പരാമർശം നോക്കുക). പുതിയനിയമകാലത്ത് ഒരാളെ അറിയുന്നത് അയാളുടെ പേരിനാലും സ്ഥലപ്പേരിനാലുമായിരുന്നു. പുതിയ നിയമത്തിൽ അവനെ "നസ്രായൻ," അല്ലെങ്കിൽ "നസറേത്തുകാരൻ" എന്നിങ്ങനെ ഇടക്കിടക്ക് പറഞ്ഞിട്ടുണ്ട് (26:71; മർ. 1:24; 10:47; 16:6; ലൂക്കൊ. 4:34; 18:37; 24:19; യോഹ. 1:45; 18:5, 7; പ്രവൃ. 2:22; 3:6; 4:10; 6:14; 10:38; 22:8; 26:9). യേശു "ഗലീലയിൽനിന്നുള്ള നസറേത്തുകാരൻ" മാത്രമായിരുന്നില്ല എന്ന് മത്തായിയുടെ വായനക്കാർക്ക് അറിയാമായിരുന്നു (21:11), എന്നാൽ അവൻ യെഹൂദ്യയിലെ ബേത്ലഹേമ്യയിൽനിന്നുള്ളവനുമായിരുന്നു (2:1).[17]

തന്റെ വിജയപ്രവേശനത്തിനുശേഷം, യേശു യെഹൂദ മതാദ്ധ്യക്ഷന്മാരുമായി കൂടുതൽ നേരിട്ട് ഏറ്റുമുട്ടി. ഏതാനും നാളുകൾ കഴിഞ്ഞ്, അവന്റെ ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും അവന്റെ അനുയായികളെ വിസ്മയിപ്പിക്കുക മാത്രമല്ല, അവന്റെ ശത്രുക്കൾ അവനെ ക്രൂശിലേക്ക് എത്തിക്കുവാനും ഇടയാക്കി.

## പാഠങ്ങൾ

**വിജയ പ്രവേശനം (21:1-11)**

അവനെ കുറിച്ച് പല പ്രധാനപ്പെട്ട പാഠങ്ങളും ചിത്രീകരിക്കുന്നതായിരുന്നു യേശുവിന്റെ യെരുശലേമിലേക്കുള്ള വിജയ പ്രവേശനം.

1. *യേശുവിന്റെ സർവ്വജ്ഞത്വം* (21:1–3). കഴുതയെ കടമെടുത്തത് മുൻപ് ഏർപ്പെടുത്തിയതനുസരിച്ചായിരിക്കാം, മൃഗത്തെ യേശു അസാമാന്യമായി അറിഞ്ഞിരിക്കുവാനും സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ, ദൈവികത്വത്തിലേക്ക് നയിക്കുന്ന, അത്ഭുതകരമായ പല സംഭവങ്ങളും ഇതിനോട് ചേർക്കാവുന്നതാണ്.

2. *യേശുവിനാൽ പ്രവചന നിവർത്തീകരണം* (21:4, 5). കർത്താവ് കഴുതപ്പുറത്ത് കയറി യെരുശലേമിൽ ചെന്നപ്പോൾ, അവൻ തിരുവെഴുത്ത് നിറവേറ്റുകയായിരുന്നു (സെഖ. 9:9). യേശുവിൽ പഴയനിയമ തിരുവെഴുത്തു നിവർത്തിയാകുന്നതായി മത്തായി ആവർത്തിച്ചു പറയുന്നുണ്ട്.

3. *യേശുവിന്റെ താഴ്മ* (21:6, 7). ഊരിപ്പിടിച്ച വാളുമായി വെള്ളക്കുതിരപ്പുറത്തായിരുന്നില്ല യേശു യെരുശലേമിൽ വന്നത് (വെളി. 19:11–16). ഒരു കഴുതക്കുട്ടിയുടെ പുറത്ത് കയറി താഴ്മയോടെയാണ് അവൻ വന്നത്. സൈനിക മശിഹക്കുപകരം, കഷ്ടതയേൽക്കുന്ന ദാസനായിട്ടായിരുന്നു വന്നത് (യെശ. 53).

4. *യേശുവിന്റെ യോഗ്യത* (21:8–11). അവന്റെ കഴുതക്ക് നടക്കുവാൻ, ചിലർ തങ്ങളുടെ ബാഹ്യ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. മറ്റുള്ളവർ വൃക്ഷക്കൊമ്പുകളും, ഇലകളും, കുരുത്തോലയും വഴിയിൽ വിതറി. ചുരുക്കി പറഞ്ഞാൽ, അവർ രാജാവിന്നായി ചുവന്ന പരവതാനി വിരിക്കുകയായിരുന്നു. അവർ ഉച്ചത്തിൽ നിലവിളിച്ചു, "ദാവീദ് പുത്രന്ന് ഹോശന്നാ," കർത്താവിന്റെ നാമത്തിൽ അവർ യേശുവിനെ പുകഴ്ത്തി. സകല മാനത്തിനും പുകഴ്ച്ചക്കും യേശു യോഗ്യൻ തന്നെ (വെളി. 5:9–14).

5. *യേശുവിനോട് ആളുകൾക്കുണ്ടായിരുന്ന ഹൃദയചാഞ്ചല്യം.* അനേകം ആളുകൾ അവനെ പുകഴ്ത്തിയെങ്കിലും, കുറച്ചുദിവസം കഴിഞ്ഞ്, അവർ അവനെതിരായി തീർന്നു. "അവനെ ക്രൂശിക്ക!" എന്നു നിലവിളിച്ച് അവന്റെ മരണത്തിനായി പിലാത്തോസിനോട് അപേക്ഷിച്ച്, മതാദ്ധ്യക്ഷന്മാർക്ക് കീഴിൽ അണിനിരന്നു (27:22, 23).

ഏതാനും ആഴ്ച്ചകൾക്ക് ശേഷം നടക്കുവാനിരിക്കുന്ന കിരീടധാരണത്തിന്റെ മുന്നോടിയായിരുന്നു ആ വിജയപ്രവേശനം. അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷം, നാൽപതിലധികം ദിവസങ്ങളോളം തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി (പ്രവൃ. 1:3). പിന്നെ അവൻ സ്വർഗാരോഹണം ചെയ്തു (പ്രവൃ. 1:9–11), പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. അവിടെ ഇരുന്നു അവൻ തന്റെ രാജ്യത്തെ കർത്താവും ക്രിസ്തുവുമായി വാഴുന്നു (പ്രവൃ. 2:33–36). ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾ ഇന്ന് അവനെ ആദരിക്കുന്നു.

ഡേവിഡ് സ്റ്റുവർട്ട്

**കുരുത്തോല ഞായറാഴ്ച്ച (21:1-11)**

മത്തായി 21, മർക്കൊസ് 11, ലൂക്കൊസ് 19, യോഹന്നാൻ 12 എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ആളു

കൾ ഈസ്റ്റർ ഞായറാഴ്ച്ച ആഘോഷിക്കുന്നത്, അതിന് ഒരാഴ്ച്ച മുൻപാണ് കുരുത്തോല ഞായറാഴ്ച്ച. ആ ദിവസം പ്രത്യേകമായി തിരുവെഴുത്തിൽ പറയുന്നില്ല, എന്നാൽ ഇത് യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ടിട്ടുള്ള അനേക പാരമ്പര്യവിശ്വാസങ്ങളിൽ ഒന്നാണ്. ആ ദിവസം നാം ആഘോഷിക്കേണ്ടതില്ലെങ്കിലും, അത് പ്രതിനിധാനം ചെയ്യുന്നതിനെ നാം ഓർക്കുന്നത് നന്നായിരിക്കും.

---

കുറിപ്പുകൾ

[1]ചില പണ്ഡിതന്മാർ വിജയപ്രവേശന തീയതി അൽപം നേരത്തെയാക്കുവാൻ ശ്രമിച്ചിട്ടുണ്ട് (കൂടാരപ്പെരുന്നാളിൽ അല്ലെങ്കിൽ പ്രതിഷ്ഠോൽസവത്തിൽ). യോഹന്നാന്റെ സുവിശേഷം അത് കഷ്ടാനുഭവാഴ്ച്ചയിലാണെന്ന് വ്യക്തമായി പറയുന്നു (യോഹ. 12:1, 12). [2]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി*, വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 126. ചില ഇംഗ്ലീഷ് തർജിമകളിൽ (കെജെവി; ആർഎസ്‌വി; എൻജെബി), പ്രവൃത്തികൾ 1:3-ൽ യേശുവിന്റെ കഷ്ടാനുഭവത്തെയും മരണത്തെയും സംബന്ധിച്ച് "അവന്റെ കഷ്ടാനുഭവ ശേഷം" എന്ന പ്രയോഗം നടത്തിയിരിക്കുന്നു. [3]ഇബിഡ്. [4]യെരുശലേമിന്റെ നാശത്തിൽ കലാശിച്ച ദിവസങ്ങളിൽ (ഏ. ഡി. 70), ഏതാണ്ട് നാൽപതു വർഷത്തിനു ശേഷം നടന്ന പെസഹയിൽ, അതിശയോക്തി പരമായിട്ടാണെങ്കിലും ജോസെഫസ് പറയുന്നത് 2,700,200 പേർ പങ്കെടുത്തിരുന്നു എന്നാണ്. ശരാശരി പത്ത് പേർക്ക് ഒരു ആടിനെ അറുത്തിരുന്നു എന്നു കണക്കാക്കിയാണ് ജോസെഫസ് ആ നിഗമനത്തിലെത്തിയത് (ജെസെഫസ് *വാഴ്സ്* 6.9.3). മറ്റൊരു സന്ദർഭത്തിൽ, ഏ. ഡി. 65-ൽ, അയാൾ കണക്കാക്കിയത്, മൂന്നു മില്ല്യൻ ആളുകൾ പെസഹയിൽ പങ്കെടുത്തിരുന്നു എന്നാണ് (ജോസെഫസ് 2.14.3.) [5]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14-28*, വേർഡ് ബിബ്ളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 591. [6]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ ഏക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1973), 762-63. [7]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കകോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 519. [8]ഇബിഡ്. [9]ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ച്വൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* 2 ഡ് എഡി. (സ്റ്റട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 44. [10]മറ്റൊരു ഉദാഹരണമാണ് മർക്കൊസ് 1:2, 3, അത് മലാഖി 3:1 ഉം യെശയ്യാ 40:3 ഉം "[ഏക] വഴി ഒരുക്കുന്നതിനെ" അടിസ്ഥാനപ്പെടുത്തിയാണ് പറയുന്നത്.

[11]മിഷ്നാ *ബാബാ ബത്രാ* 5.3. [12]ഹാഗ്നെർ 595. [13]1 മെക്കാബീസ് 13:51; 2 മെക്കാബീസ് 10:7. [14]ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 494. [15]ഹാഗ്നെർ 596. "വരുവാനുള്ളവൻ" എന്ന പ്രയോഗം മശിഹയെ കുറിച്ചുള്ളതാണ്. (3:11; 11:3 ന്റെ പരാമർശം നോക്കുക). [16]മത്തായിയുടെ പുസ്തകം ആരംഭിക്കുമ്പോൾ, വിദ്വാന്മാർ അന്വേഷിച്ചിറങ്ങിയപ്പോഴും യെരുശലേമിനെ "ഇളക്കിയിരുന്നു" (2:3). ആ വേദഭാഗത്തിലെ ഗ്രീക്ക് ക്രിയ (*ടരാസോ*) ക്കും "ഇളക്കുക," "മൊത്തം കുലുക്കുക" എന്ന അർത്ഥമാണുള്ളത്. [17]കീനർ 493.